നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 24, ബുധൻ

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 1979 ഒക്ടോബർ 24-ാം തീയതി ബുധനാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. അടിയന്തിരപ്രമേയം

മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകനായ സുരേഷിന്റെ വധത്തെ തുടർന്നുണ്ടായ ഗുരുതരാവസ്ഥ

മി. സ്പീക്കർ: ഓർഡർ, ഓർഡർ. മട്ടാഞ്ചേരി പ്രദേശത്ത് അഴിച്ചു വിടപ്പെട്ടിരിക്കുന്ന അക്രമപ്രവർത്തനങ്ങളുടെ ഫലമായി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റുപാർട്ടി പ്രവർത്തകനായ സുരേഷ് കൊല്ലപ്പെട്ടതിനെ തുടർന്ന് ഉളവായിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി റൂൾ 50 അനുസരിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് കഴിഞ്ഞതിനെത്തുടർന്ന് മട്ടാഞ്ചേരിയിൽ വിവിധ കക്ഷികളും തമ്മിൽ സംഘട്ടനങ്ങളും ഉണ്ടായി. ആ സംഘട്ടനങ്ങളിൽ പലർക്കും പരിക്കു പറ്റുകയും ഒരാൾ കൊല്ലപ്പെടുകയും ചെയ്തു. സംഘട്ടനങ്ങളും ദിവസേനയെന്നോണം ഉണ്ടായിക്കൊണ്ടിരുന്നു. അത് ഉണ്ടാവുന്ന ഉടൻതന്നെ കേസെടുക്കുകയും വേണ്ടുന്ന അടിയന്തിര നടപടികളും ഗവൺമെന്റ് കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഒരു കൊലക്കേസ് രജിസ്റ്റർചെയ്തത് വേണ്ടുന്ന നടപടികളും സ്വീകരിച്ചുവരികയാണ്. ഇവിടെ ഒരു സമാധാനസമ്മേളനംകൂടി ഒരു സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കണമെന്ന് ഉദ്യോഗസ്ഥൻമാർ ആലോചിക്കുകയും അങ്ങനെ ഒരു സമാധാനസമ്മേളനം വിളിച്ചുകൂട്ടുകയും ചെയ്തിരുന്നു. ആ അവസരത്തിലാണ് നിർഭാഗ്യകരമായ കൊലപാതകം ഉണ്ടായത്. അതുകൊണ്ട് സമാധാന സമ്മേളനം നീട്ടിവയ്ക്കേണ്ടിവന്നു. പോലീസ് കർശനമായ നടപടികളും സ്വീകരിക്കുന്നതുകൊണ്ട് അവിടെ സംഘർഷാവസ്ഥ ഉണ്ടെങ്കിലും അക്രമങ്ങളും പടരാതെ സൂക്ഷിക്കുന്നുണ്ട്. ഇക്കാര്യത്തിൽ പോലീസ് വളരെ അടിയന്തിരമായ നടപടികളും കൈക്കൊള്ളുന്നതുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പോലീസ് കർശനമായ നടപടികളും സ്വീകരിക്കുന്നതുകൊണ്ട് സമാധാനലംഘനം ഉണ്ടാകുന്നില്ല എന്നാണ്. എന്റെ ആക്ഷേപവും അതുതന്നെയാണ്. കർശനമായ നടപടികളും സ്വീകരിക്കുന്നതുകൊണ്ട് മറുഭാഗത്ത് ചുമട്ടുതൊഴിലാളികളും അതുപോലെതന്നെ ഞങ്ങളുടെ പ്രവർത്തകൻമാരുമായിട്ടുള്ള ആളുകളും നൂറുകണക്കിന് ആക്രമിക്കപ്പെടുകയാണ്. പോലീസ് അതിന്റെ ഭാഗത്ത് നിൽക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം അന്നുതന്നെ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ആളുകളും ഞങ്ങളുടെ ആഫീസ് ആക്രമിച്ചു. നിരവധി പ്രവർത്തകൻമാരെ ആ പ്രവർത്തകൻമാർ തീങ്ങിത്താമസിക്കുന്ന പ്രദേശങ്ങളിൽച്ചെന്ന് കൂട്ടായി ആക്രമിച്ചു. അവിടെ കോൺഗ്രസ് (ഐ) യിലേയും മറ്റു ഭരണകക്ഷിയിലേയും പ്രവർത്തകൻമാർ അറിയപ്പെടുന്ന റൗഡികളാണ്, എത്രയോ കേസിൽ പ്രതികളായിട്ടുള്ള ആളുകളാണ്. ഇവരും പോലീസുമായി ബന്ധമുണ്ട്. ചത്തവനെ കുത്തിയ മമ്മുസെയ്ദ് എന്നറിയുന്നയാളും ഈ കൊലപാതക കേസിൽ ഒന്നാംപ്രതിയാണ്. ചത്തവനെ കുത്തിയ എന്ന പേര് സാധാരണ ഉണ്ടായതല്ല. ഇതുപോലെ നിരവധി അറിയപ്പെടുന്ന റൗഡികളും അവർ എത്രയോ ദിവസം നടത്തിയിട്ടുള്ള ആക്രമങ്ങളെക്കുറിച്ച് രണ്ടുമൂന്നുവട്ടം മന്ത്രിമാർക്കും, ഐ. ജി. ക്കുമൊക്കെതന്നെ പേരടക്കം കാണിച്ച് നിവേദനം നടത്തിയിട്ടുള്ളതാണ്. യാതൊരു നടപടിയും എടുത്തില്ലെന്നു മാത്രമല്ല അവർക്ക് എല്ലാത്തരത്തിലുള്ള ഒത്താശകളും പോലീസ് ചെയ്തുകൊടുക്കുകയാണ്. നാലഞ്ചുവർഷമായി സ്ഥിരമായി അവിടെയിരിക്കുന്ന രാജഗോപാലൻ എന്നു പറയുന്ന എസ്. ഐ. ഈ റൗഡികളുടെ വീട്ടിലുണ്ടാവുന്ന അടിയന്തിരങ്ങൾക്ക് സമ്മാനം കൊടുക്കുക, ഈ റൗഡികളുടെ പിന്തുണയോടുകൂടി നടക്കുന്ന ഗാബ്ലിംഗ് കേന്ദ്രങ്ങളിൽ പോയി സ്ഥിരമായി സംഭാവനകളും സ്വീകരിക്കുക. ഇങ്ങനെ സ്ഥിരമായി അവിടെ റൗഡി സംഘത്തെ പ്രോൽസാഹിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികളും അവർക്ക് എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്ന പോലീസുംകൂടി ഉണ്ടാക്കിവിട്ടിട്ടുള്ള കുഴപ്പമാണ് അവിടത്തെ കുഴപ്പം.

പിന്നെ സമാധാന കോൺഫറൻസിന്റെ കാര്യം പറഞ്ഞു. ആ കോൺഫറൻസ് രണ്ടാമത്തെ കോൺഫറൻസാണ്. 16-ാം തീയതി സുരേഷ് എന്നു പറയുന്ന പ്രവർത്തകനെ കുത്തിക്കൊന്ന ദിവസവും അവിടെ ഒരു സമ്മേളനം വച്ചിരുന്നു. ഞങ്ങളുടെ പാർട്ടിയുടെ നേതാവ് സഖാവ് ഇ. കെ. നായനാർ സംസാരിക്കുന്ന സമ്മേളനം. ആ സമ്മേളനത്തിലേക്ക് അദ്ദേഹവും ഞങ്ങളുടെ നേതാക്കൻമാരായിട്ടുള്ള എം. എം. ലോറൻസും, എ. പി. വർക്കിയും ചെന്ന കാറ് അവിടെ എത്തുന്ന സമയത്ത് ആക്രമണം നടക്കുകയാണ്. അവർ സംസാരിച്ച യോഗത്തിൽ സോഡാക്കുപ്പിയേറും ആക്രമണങ്ങളുമെല്ലാം നടന്നു. നേരത്തെകൂട്ടി ഇങ്ങനെ നടക്കാൻ ഇടയുണ്ടെന്ന് ധരിച്ച് പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചിരുന്നു. സഖാവ് ഇ. കെ. നായനാർ സംസാരിക്കുന്ന ഒരു യോഗം അലങ്കോലപ്പെടുത്താൻ ഇടയുണ്ടെന്ന് നേരത്തെ വിവരം അറിയിച്ചിട്ടും പോലീസ് സംരക്ഷണം യോഗത്തിനു കൊടുത്തില്ലെന്നു മാത്രമല്ല യോഗത്തിനുവന്ന ആളുകളെ ആക്രമിക്കുകയാണ് പോലീസ് ചെയ്തത്. അന്ന് നിരവധി കടകളും കൊള്ളയടിക്കപ്പെട്ടു. അന്നുതന്നെയാണ് സുരേഷ് ചത്തത്; ഈ യോഗത്തിലേക്കു വരുന്ന ജാഥ കണ്ടുകൊണ്ടുനിന്ന സുരേഷിനെ കുത്തിക്കൊന്നത്. അന്ന് വൈകുന്നേരം അവിടെ കടകളും ആക്രമിച്ചു. വെളുപ്പാൻകാലത്ത് വീണ്ടും കടകളും ആക്രമിച്ചു. ഇങ്ങനെ നിരവധി ആളുകളും ആക്രമണ വിധേയരായി

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയെ അഭയംപ്രാപിച്ചു. പിറ്റേന്ന് രാത്രിയും പകലുംവരെ ഈ ആക്രമണങ്ങൾ ഉണ്ടായിരുന്നു. അതിനെതിരായി യാതൊരു നടപടിയും എടുത്തില്ലെന്നു മാത്രമല്ല ആക്രമണവിധേയരായി ഓടിപ്പോകുന്ന ഞങ്ങളുടെ ആളുകളെപ്പിടിച്ച് പോലീസ് വാനിലിട്ട് അടിക്കുകയും ലോക്കപ്പിൽ കൊണ്ടുപോയി അടിക്കുകയുമാണ് ചെയ്തത്. നിങ്ങളെ വെടിവച്ചു കൊന്നാൽപോലും യാതൊന്നും സംഭവിക്കുകയില്ല, കണ്ടില്ലേ കൊടുങ്ങല്ലൂരിൽ എന്നു പറഞ്ഞാണ് ഈ എസ്. ഐ. യും അതുപോലുള്ള പോലീസ് മേധാവികളും ആക്രമണം നടത്തിയത്. ഒരു കോൺഫറൻസ് ആദ്യം വിളിച്ചു. ആ അവസരത്തിൽ മി. ഹർഷൽ അടക്കമുള്ള ആളുകൾ സംബന്ധിച്ച് സമാധാനക്കമ്മിറ്റി ഉണ്ടാക്കി. ആ സമാധാനക്കമ്മിറ്റി ഉണ്ടാക്കിയ ദിവസംതന്നെ പോലീസിന്റെ പിന്തുണയോടുകൂടി ആക്രമണം നടന്നു. പോലീസിന്റെയും ആക്രമണം നടന്നു. കുത്തിക്കൊലയ്ക്കുശേഷം നടന്ന സമ്മേളനത്തിന്റെ കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. അതുകൊണ്ട് അവിടെ ഈ പോലീസ് ആഫീസറെ സ്ഥലംമാറ്റിക്കൊണ്ട്, അവരുടെ ആധിപത്യം അവിടെ അവസാനിപ്പിച്ച് സ്ഥിരമായി നിൽക്കുന്നു എന്നറിയപ്പെടുന്ന റൗഡികൾക്കെതിരായി കർശനമായ നടപടികൾ എടുത്തുകൊണ്ടു മാത്രമേ സമാധാനം സ്ഥാപിക്കാൻ സാധിക്കൂ. പോലീസ് ആഫീസർമാരും അതുപോലെതന്നെ ഗവൺമെന്റും ഈ ഭാഗത്ത് അവർക്ക് അരുനിൽക്കുന്നു എന്നുള്ളബോധം ഇല്ലായ്മചെയ്തുകൊണ്ട് നിഷ്പക്ഷമായി ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നു എന്നു ബോദ്ധ്യപ്പെടുത്താവുന്ന ഒരന്തരീക്ഷം ഉണ്ടാക്കണമെന്നുണ്ടെങ്കിൽ ഇതിന്റെ മുൻ ഉപാധിയായി ഇത്തരം കാര്യങ്ങൾ ചെയ്യണം, അതിനുള്ള നടപടികൾ എടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ എനിക്കു കൊണ്ടുവരാനുള്ളത്. അതുകൊണ്ടാണ് ഈ കാര്യം ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, പോലീസ് റൗഡികൾക്ക് അരുനിൽക്കുകയാണെന്നുള്ള ആരോപണം ഞാൻ നിഷേധിക്കുകയാണ്. രണ്ടുഭാഗത്തും ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. ആക്രമണങ്ങൾ ഉണ്ടായതിൽ കക്ഷിനോക്കാതെ പോലീസ് കേസ് ചാർജ്ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ പോലീസ് കർശന നടപടികൾ എടുക്കണമെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഇനിയും കർശനമായ നടപടികൾ എടുക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ അടിയന്തിരപ്രമേയത്തിന് ഞാൻ അനുമതി നിഷേധിക്കുന്നു.

II. ശ്രദ്ധക്ഷണിക്കൽ

1975-ലെ കേരള ബിൽഡിംഗ് ടാക്സ് നിയമത്തിലെ അപാകതകൾ

ശ്രീ. സേവ്യർ അറയ്ക്കൽ: 1-4-1973 മുതൽ ഈ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ 1975-ൽ പാസ്സാക്കിയ ബിൽഡിംഗ് ടാക്സിന്റെ അപാകതകൾ ചൂണ്ടിക്കാണിക്കുന്നതിനും ഈ സംസ്ഥാനത്ത് കെട്ടിടങ്ങൾ, മരപ്പണി, ചുമട്, ഇഷ്ടികപ്പണി മുതലായ പണികളിൽ

LIBRARY ARCHIVES Kerala Legislative Assembly